GOVERNMENT U.P SCHOOL
ESTD . 1911
CHEERANCHIRA. 686106


## ഗവ. യു.പി.എസ്. ചീരഞ്ചിറ


ചീരഞ്ചിറ പി.ഒ., ചങ്ങനാശ്ശേരി - 686106

E-mail: cheeranchiraups@gmail.com


# നിറവിൻ കതിരൊളികൾ

## ACADEMIC MASTER PLAN
## 2025-2026

"താങ്ങാവുന്ന വിദ്യാഭ്യാസം, തണലാകുന്ന വിദ്യാലയം"



# ഉള്ളടക്കം




1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. വിദ്യാലയചരിത്രം
4. നേട്ടങ്ങൾ
5. പൊതുലക്ഷ്യങ്ങൾ


   വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

6. നിലവിലെ അവസ്ഥാവിശകലനം
7. പദ്ധതി വിശദാംശങ്ങൾ -

   മികവിനുള്ള പ്രവർത്തനം

   പ്രതീക്ഷിത നേട്ടങ്ങൾ

8. മോണിട്ടറിംഗ്
9. ഒരു വാക്ക്





# ആമുഖം

കോട്ടയം ജില്ലയിലെ വാഴപ്പള്ളി പഞ്ചായത്തിൽ ചീരഞ്ചിറ ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പച്ചവിരിച്ച നെൽപ്പാടങ്ങൾ അതിരിടുന്ന കുന്നിൻപുറത്താണ് വിദ്യാലയത്തിന്റെ സ്ഥാനം. ചീരനെന്ന ദളിത് കർഷകത്തൊഴിലാളിയുടെ ചിറ (പാടത്തോട് ചേർന്ന കര)യാണ് ചീരഞ്ചിറയായത്. നെല്ലുവിളയുന്ന പാടത്തിന്റെ മധ്യത്തിലൂടെ വളഞ്ഞു പുളഞ്ഞൊഴുകുന്ന പുളിയാങ്കുന്ന് തോട് ശുദ്ധ ജല മത്സ്യസമ്പത്താൽ നിറഞ്ഞതാണ്. തെങ്ങും, വാഴയും, കപ്പയും, കുരുമുളുകും വിവിധയിനം നാടൻ പച്ചക്കറികളും മറ്റു ഫലവൃക്ഷങ്ങളും ഈ നാടിന്റെ ഐശ്വര്യമാണ്. നാനാജാതിയിൽപ്പെട്ട ജനങ്ങളും അവരുടെ ആചാരാനുഷ്ഠാനങ്ങളും അവർ രൂപപ്പെടുത്തിയെടുത്ത നാടൻ കലാരൂപങ്ങളും കരവിരുതും എടുത്തുപറയേണ്ടതാണ്. ഗ്രാമത്തിന്റെ സ്വച്ഛതയിൽ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും തനത് രൂപം നേരിട്ട് അനുഭവവേദ്യമാക്കിയ പഠനാന്തരീക്ഷം സൃഷ്ടിക്കാൻ ഈ വിദ്യാലയത്തിനാകുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യു.പി.എസ്. ചീരഞ്ചിറ, |
| വിലാസം | : | ചീരഞ്ചിറ പി.ഒ., ചങ്ങനാശ്ശേരി 636106 |
| ഫോൺ | : | 0481- 2728040 |
| ഇ-മെയിൽ ഐ.ഡി. | : | cheeranchiraups@gmail.com |
| സ്കൂൾ വിക്കി | : | kottayam (Revenue District) Kottayam (EdI District), Cheeranchira Govt. U.P.S |
| സ്കൂൾ ബ്ലോഗ് | : | CHEERANCHIRA GOVT. U.P.SCHOOL, cheeranchiraups.blogspot.com |
| സ്കൂൾ കോഡ് | : | 33305, 32100100202 |
| വിദ്യാഭ്യാസ ഉപജില്ല | : | ചങ്ങനാശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| റവന്യൂ ജില്ല | : | കോട്ടയം |
| ബി.ആർ.സി. | : | ചങ്ങനാശ്ശേരി |
| സി.ആർ.സി. | : | വാഴപ്പള്ളി |
| സ്ഥാപിതം | : | 1910 |
| ഗ്രാമപഞ്ചായത്ത് | : | വാഴപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | : | മാടപ്പള്ളി |
| താലൂക്ക് | : | ചങ്ങനാശ്ശേരി |
| അർബൻ/റൂറൽ | : | റൂറൽ |
| വില്ലേജ് | : | ചെത്തിപ്പുഴ |
| ഹെഡ്മാസ്റ്റർ | : | |
| മൊബൈൽ നമ്പർ | : | |




oolcode
oolname Nalunnakal C M S LPS
ooltype A
ndard 1 to 4
I MALAYALAM
ength 35
of Divisions 4
of teachers 4
ance(Air) 2 4 km
d distance 3 0 km
ox driving time 6 mins

oolcode
oolname Ithithanam Elamkavu LPS
ooltype A
dard 1 to 4
MALAYALAM ENGLISH
ngth 94 157
f Divisions 4 c
f teachers 9
ance(Air) 2 39 km
d distance 3 2 km
x driving time 9 mins

olcode
olname GOVT HSS
AKKEKKARA
oltype G
dard 1 to 10
MALAYALAM
ngth 138
f Divisions 10
f teachers 16
nce(Air) 2 23 km
f distance 3 5 km
x driving time 9 mins

olcode
olname Vakathanam Govt L P G S
oltype G
ard 1 to 4
MALAYALAM
gth 22
Divisions 4
teachers 7
nce(Air) 2 91 km
distance 3 8 km
driving time 8 mins

ocode
oname Kurumpanadom Govt LPS
otype G
ard 1 to 5
MALAYALAM
gth 16
Divisions 5
teachers 6
nce(Air) 2 26 km
distance 4 0 km
driving time 8 mins



## പൊതുലക്ഷ്യങ്ങൾ

- സമസ്ത ജനവിഭാഗങ്ങൾക്കും താങ്ങും തണലുമാകുന്ന മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്ന വിധത്തിൽ സ്കൂൾ അന്തരീക്ഷം പ്രകൃതിസൗഹൃദമാക്കുക.
- മനോഹരവും ശിശുസൗഹൃദപരവും ആധുനികവുമായ സാഹചര്യങ്ങൾ ഒരുക്കി കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കുയും അവരിൽ പഠനതാൽപര്യം ഉണർത്തുകയും ചെയ്യുക.
- പ്രീപ്രൈമറി മുതൽ 7 -ാം ക്ലാസ് വരെ ഓരോ വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി, സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ വ്യക്തിത്വവികസനം, സുരക്ഷ, ആരോഗ്യസംരക്ഷണം എന്നിവ ഉറപ്പാക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
- സ്കൂളിനെ കലാഗ്രാമത്തിന്റെ കേന്ദ്രമാക്കുക.
- പി.ടി.എ., എസ്.എസ്.ജി, ഒ.എസ്.എ., എസ്.എം.സി. തുടങ്ങിയ ജനകീയ സംവിധാനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗാത്മകശേഷി വികസനവും, കായികശേഷി വികസനവും ലക്ഷ്യമാക്കി ടാലന്റ് ലാബ് രൂപീകരിക്കുകയും, നാടൻ കലകളും നാടൻ കളികളും പരിശീലിപ്പിക്കുന്നതിന് അവയിൽ പ്രാഗത്ഭ്യമുള്ള രക്ഷിതാക്കളുടേയും വിദഗ്ദ്ധരുടേയും സേവനം ഉറപ്പാക്കുകയും ചെയ്യുക.
- കുട്ടികളിൽ കാർഷികസംസ്ക്കാരം വളർത്തിയെടുക്കാനുതകുന്ന വിധത്തിൽ രക്ഷകർത്താക്കളുടെയും പരിചയസമ്പന്നരായ കർഷകരുടെയും സേവനം പ്രയോജനപ്പെടുത്തുക.
- കുട്ടികളെ വായനയുടേയും, ലേഖനത്തിന്റെയും വിശാലലോകത്തിലേക്ക് നയിക്കുവാൻ, വൈവിധ്യങ്ങളായ പുസ്തകശേഖരണത്തോടുകൂടിയ സ്കൂൾ ലൈബ്രറിയും,ക്ലാസ്റും ലൈബ്രറികളും ഉറപ്പുവരുത്തുകയും ആധുനിക സൗകര്യങ്ങളുള്ള വായനാമുറിയും, അമ്മവായന, വായനക്കളരി, രചനാമത്സരങ്ങൾ, വായനാമത്സരങ്ങൾ, സാഹിത്യകാരന്മാരുമായുള്ള അഭിമുഖങ്ങൾ, ലൈബ്രറി സന്ദർശന പരിപാടികൾ തുടങ്ങിയവ നടത്തുകയും ചെയ്യുക.
- കൗൺസലിംഗ് ക്ലാസ്സുകളും ബോധവത്ക്കരണ ക്ലാസ്സുകളും, മെഡിക്കൽക്യാമ്പുകളും നിരന്തരം നടത്തുക.
- കുട്ടികളുടെ ബാങ്കിംഗ് സംവിധാനം ആധുനികവത്ക്കരിക്കുക.

* സ്കൂൾ രേഖകൾ ഡിജിറ്റലൈസ് ചെയ്യുക.
* കോർണർ പി.റ്റി.എ. കൾ വിപുലപ്പെടുത്തുക.
* തിയറ്റർ സംവിധാനം (ഇംഗ്ലീഷ്, മലയാളം, ഹിന്ദി) സജ്ജീകരിക്കുക.
* സ്കൂൾ ബ്ലോഗ് സജീവമാക്കുക.
* സർഗസല്ലാപം - എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അനുഭവങ്ങൾ പങ്കുവയ്ക്കൽ.
* കുട്ടീസ് റേഡിയോ സജീവമാക്കുക. ആധുനിക സംവിധാനങ്ങൾ ഒരുക്കുക.
* ക്ലാസ്സടിസ്ഥാനത്തിൽ എല്ലാ ദിവസവും ഉച്ച ഇടവേളകളിൽ റേഡിയോ പരിപാടികൾ മുടക്കം വരാതെ നടത്തുക.
* അവതരണമികവ് - വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് റേഡിയോ പ്രക്ഷേപണം, അറിയിപ്പു നൽകൽ, പൊതുപരിപാടികളുടെ സംപ്രേക്ഷണം.
* റേഡിയോ മീഡിയോ വില്ലേജ് ചാനലിൽ കുട്ടികളിൽ കലാപരിപാടികൾ അവതരണം.
* യോഗാക്ലാസുകൾ സംഘടിപ്പിക്കുക.
* കൃഷിവകുപ്പുമായി ഒത്തുചേർന്ന് സ്കൂൾ കൃഷിത്തോട്ടം വിപുലമാക്കുക, നാട്ടുചന്ത പുനരാരംഭിക്കുക.
* മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളിൽ പങ്കാളികളാവുക.
* 'മരം ഒരു വരം' പദ്ധതിപ്രകാരം മരങ്ങൾ വച്ചുപിടിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക.
* ജൈവവൈവിധ്യോദ്യാനം, അക്ഷരാർത്ഥത്തിൽ നടപ്പിൽ വരുത്തുക.
* ജൈവവൈവിധ്യരജിസ്റ്റർ, സസ്യങ്ങൾക്ക് Name board എന്നിവ സജ്ജമാക്കുക.
* സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.

**പഠനച്ചുവരുകൾ**

* പ്രമേയാധിഷ്ഠിതവും പരസ്പരബന്ധിതവും ഭാവനയുണർത്തുന്നതുമായ സർഗാത്മകരചനകളിലേക്ക് നയിക്കാൻ കഴിയുന്നതുമായ പഠനമൂല്യമേറെയുള്ള ചിത്രങ്ങൾ വരച്ച് ചിത്രച്ചുവർ നിർമ്മാണം.
* എൽ.പി. കുട്ടികൾക്ക് എഴുതാനും വരയ്ക്കാനും ബ്ലാക്ക് കളർ അടിച്ച ചുവരുകൾ.
* സ്കൂൾ ചുവരുകളിൽ ഡിസ്പ്ലേ ഫ്ളാഷ് ബോർഡുകൾ സ്ഥാപിക്കുക.

- മുതിർന്ന കുട്ടികൾക്കും അമ്മമാർക്കും തയ്യൽ പരിശീലനം
- തുണി സഞ്ചി നിർമ്മാണ യൂണിറ്റ് തുടങ്ങി ചീരഞ്ചിറദേശത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുക.
- പേപ്പർപേന നിർമ്മാണ പരിശീലനം.

**ജ്യോതിശാസ്ത്രലാബ്**

- പ്രപഞ്ചവുമായി ബന്ധപ്പെട്ട് പുസ്തകത്തിനപ്പുറത്തേക്കുള്ള അറിവിലേക്ക് കുട്ടിയെ കൂട്ടിക്കൊണ്ടുപോകുന്നതിനായി നേരിട്ട് ആകാശ നിരീക്ഷണത്തിനും വിദഗ്ദ്ധരുടെ ക്ലാസ് നടത്തിപ്പിനും കുട്ടികൾക്കും രക്ഷിതാക്കൾക്കും അവസരമൊരുക്കൽ.

**ആർട്ട് ഗ്യാലറി**

- കുട്ടികളുടെ ചിത്രാരചനാപാടവത്തെ ഊട്ടി വളർത്തുന്നതിനും, കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വിഖ്യാത ചിത്രകാരന്മാരുടെ ഫോട്ടോകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും ആർട്ട്ഗ്യാലറി സജ്ജമാക്കൽ.

**ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ശക്തമാക്കുക.**

- ബോധവത്ക്കരണക്ലാസ്, നോട്ടീസ് പതിപ്പിക്കൽ, സെമിനാർ, ഫിലിം പ്രദർശനം, ലഘുരേഖ വിതരണം, തെരുവുനാടകം തുടങ്ങിയവ നടത്തുക.
- സ്കൂൾ വളപ്പിൽ സി.സി.ടി.വി. സ്ഥാപിക്കുക.
- സൗരോർജ്ജ പാനൽ സ്ഥാപിക്കുക.

## പൊതുലക്ഷ്യങ്ങൾ

- സമസ്ത ജനവിഭാഗങ്ങൾക്കും താങ്ങും തണലുമാകുന്ന മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്ന വിധത്തിൽ സ്കൂൾ അന്തരീക്ഷം പ്രകൃതിസൗഹൃദമാക്കുക.
- മനോഹരവും ശിശുസൗഹൃദപരവും ആധുനികവുമായ സാഹചര്യങ്ങൾ ഒരുക്കി കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കുയും അവരിൽ പഠനതാൽപര്യം ഉണർത്തുകയും ചെയ്യുക.
- പ്രീപ്രൈമറി മുതൽ 7 -ാം ക്ലാസ് വരെ ഓരോ വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി, സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ വ്യക്തിത്വവികസനം, സുരക്ഷ, ആരോഗ്യസംരക്ഷണം എന്നിവ ഉറപ്പാക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
- സ്കൂളിനെ കലാഗ്രാമത്തിന്റെ കേന്ദ്രമാക്കുക.
- പി.ടി.എ., എസ്.എസ്.ജി, ഒ.എസ്.എ., എസ്.എം.സി. തുടങ്ങിയ ജനകീയ സംവിധാനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗാത്മകശേഷീ വികസനവും, കായികശേഷി വികസനവും ലക്ഷ്യമാക്കി ടാലന്റ് ലാബ് രൂപീകരിക്കുകയും, നാടൻ കലകളും നാടൻ കളികളും പരിശീലിപ്പിക്കുന്നതിന് അവയിൽ പ്രാഗത്ഭ്യമുള്ള രക്ഷിതാക്കളുടേയും വിദഗ്ദ്ധരുടേയും സേവനം ഉറപ്പാക്കുകയും ചെയ്യുക.
- കുട്ടികളിൽ കാർഷികസംസ്ക്കാരം വളർത്തിയെടുക്കാനുതകുന്ന വിധത്തിൽ രക്ഷകർത്താക്കളുടെയും പരിചയസമ്പന്നരായ കർഷകരുടെയും സേവനം പ്രയോജനപ്പെടുത്തുക.
- കുട്ടികളെ വായനയുടേയും, ലേഖനത്തിന്റെയും വിശാലലോകത്തിലേക്ക് നയിക്കുവാൻ, വൈവിധ്യങ്ങളായ പുസ്തകശേഖരണത്തോടുകൂടിയ സ്കൂൾ ലൈബ്രറിയും,ക്ലാസ്റൂം ലൈബ്രറികളും ഉറപ്പുവരുത്തുകയും ആധുനിക സൗകര്യങ്ങളുള്ള വായനാമുറിയും, അമ്മവായന, വായനക്കളരി, രചനാമത്സരങ്ങൾ, വായനാമത്സരങ്ങൾ, സാഹിത്യകാരന്മാരുമായുള്ള അഭിമുഖങ്ങൾ, ലൈബ്രറി സന്ദർശന പരിപാടികൾ തുടങ്ങിയവ നടത്തുകയും ചെയ്യുക.
- കൗൺസലിംഗ് ക്ലാസ്സുകളും ബോധവത്ക്കരണ ക്ലാസ്സുകളും, മെഡിക്കൽക്യാമ്പുകളും നിരന്തരം നടത്തുക.
- കുട്ടികളുടെ ബാങ്കിംഗ് സംവിധാനം ആധുനികവത്ക്കരിക്കുക.

- സ്കൂൾ രേഖകൾ ഡിജിറ്റലൈസ് ചെയ്യുക.
- കോർണർ പി.റ്റി.എ. കൾ വിപുലപ്പെടുത്തുക.
- തിയറ്റർ സംവിധാനം (ഇംഗ്ലീഷ്, മലയാളം, ഹിന്ദി) സജ്ജീകരിക്കുക.
- സ്കൂൾ ബ്ലോഗ് സജീവമാക്കുക.
- സർഗസല്ലാപം - എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അനുഭവങ്ങൾ പങ്കുവയ്ക്കൽ.
- കുട്ടീസ് റേഡിയോ സജീവമാക്കുക. ആധുനിക സംവിധാനങ്ങൾ ഒരുക്കുക.
- ക്ലാസ്സടിസ്ഥാനത്തിൽ എല്ലാ ദിവസവും ഉച്ച ഇടവേളകളിൽ റേഡിയോ പരിപാടികൾ മുടക്കം വരാതെ നടത്തുക.
- അവതരണമികവ് - വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് റേഡിയോ പ്രക്ഷേപണം, അറിയിപ്പു നൽകൽ, പൊതുപരിപാടികളുടെ സംപ്രേക്ഷണം.
- റേഡിയോ മീഡിയോ വില്ലേജ് ചാനലിൽ കുട്ടികളിൽ കലാപരിപാടികൾ അവതരണം.
- യോഗാക്ലാസുകൾ സംഘടിപ്പിക്കുക.
- കൃഷിവകുപ്പുമായി ഒത്തുചേർന്ന് സ്കൂൾ കൃഷിത്തോട്ടം വിപുലമാക്കുക, നാട്ടുചന്ത പുനരാരംഭിക്കുക.
- മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളിൽ പങ്കാളികളാവുക.
- 'മരം ഒരു വരം' പദ്ധതിപ്രകാരം മരങ്ങൾ വച്ചുപിടിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക.
- ജൈവവൈവിധ്യോദ്യാനം, അക്ഷരാർത്ഥത്തിൽ നടപ്പിൽ വരുത്തുക.
- ജൈവവൈവിധ്യരജിസ്റ്റർ, സസ്യങ്ങൾക്ക് Name board എന്നിവ സജ്ജമാക്കുക.
- സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.

**പഠനച്ചുവരുകൾ**

- പ്രമേയാധിഷ്ഠിതവും പരസ്പരബന്ധിതവും ഭാവനയുണർത്തുന്നതുമായ സർഗാത്മകരചനകളിലേക്ക് നയിക്കാൻ കഴിയുന്നതുമായ പഠനമൂല്യമേറെയുള്ള ചിത്രങ്ങൾ വരച്ച് ചിത്രച്ചുവർ നിർമ്മാണം.
- എൽ.പി. കുട്ടികൾക്ക് എഴുതാനും വരയ്ക്കാനും ബ്ലാക്ക് കളർ അടിച്ച ചുവരുകൾ.
- സ്കൂൾ ചുവരുകളിൽ ഡിസ്പ്ലേ ഫ്ളാഷ് ബോർഡുകൾ സ്ഥാപിക്കുക.

- മുതിർന്ന കുട്ടികൾക്കും അമ്മമാർക്കും തയ്യൽ പരിശീലനം
- തുണി സഞ്ചി നിർമ്മാണ യൂണിറ്റ് തുടങ്ങി ചീരഞ്ചിറദേശത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുക.
- പേപ്പർപേന നിർമ്മാണ പരിശീലനം.

**ജ്യോതിശാസ്ത്രലാബ്**

- പ്രപഞ്ചവുമായി ബന്ധപ്പെട്ട് പുസ്തകത്തിനപ്പുറത്തേക്കുള്ള അറിവിലേക്ക് കുട്ടിയെ കൂട്ടിക്കൊണ്ടുപോകുന്നതിനായി നേരിട്ട് ആകാശ നിരീക്ഷണത്തിനും വിദഗ്ദ്ധരുടെ ക്ലാസ് നടത്തിപ്പിനും കുട്ടികൾക്കും രക്ഷിതാക്കൾക്കും അവസരമൊരുക്കൽ.

**ആർട്ട് ഗ്യാലറി**

- കുട്ടികളുടെ ചിത്രാരചനാപാടവത്തെ ഊട്ടി വളർത്തുന്നതിനും, കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വിഖ്യാത ചിത്രകാരന്മാരുടെ ഫോട്ടോകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും ആർട്ട്ഗ്യാലറി സജ്ജമാക്കൽ.

**ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ശക്തമാക്കുക.**

- ബോധവത്ക്കരണക്ലാസ്, നോട്ടീസ് പതിപ്പിക്കൽ, സെമിനാർ, ഫിലിം പ്രദർശനം, ലഘുരേഖ വിതരണം, തെരുവുനാടകം തുടങ്ങിയവ നടത്തുക.
- സ്കൂൾ വളപ്പിൽ സി.സി.ടി.വി. സ്ഥാപിക്കുക.
- സൗരോർജ പാനൽ സ്ഥാപിക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമികം

**നേട്ടങ്ങൾ**

- ശതാബ്ദി ആഘോഷിച്ച ഈ കലാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ സമൂഹത്തിലെ ഉന്നതപദവികൾ അലങ്കരിക്കുന്നു.

  കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പൂർവ്വ വിദ്യാർത്ഥികൾ കരസ്ഥമാക്കിയ ഉന്നതവിജയങ്ങളിൽ എടുത്തുപറയാനുള്ളത്.

  എസ്.എസ്.എൽ.സി, ബി.എ.എം.എസ്. ഒന്നാം റാങ്ക് - കുമാരി സ്നേഹ പി. സുരേഷ്

  ഫെലീഷ്യ - എൽ.എൽ.ബി. - രണ്ടാം റാങ്ക്

  സന്ദീപ് വി. സാബു - എഞ്ചിനീയറിംഗ്, 2-ാം വർഷം. 1-ാം റാങ്ക്.

  അർച്ചന മോൾ - ബി.ഡി.എസ്. പ്രവേശനം

- ശതാബ്ദി സ്മാരകമായി പണിത ഓപ്പൺ സ്റ്റേഡിയത്തിൽ നടത്തി വരുന്ന വിവിധ സാംസ്ക്കാരിക സാമൂഹിക പ്രവർത്തനങ്ങൾ.
- അമ്മമാരുടെ ലൈബ്രറി
- വിവിധ വിജ്ഞാന പരീക്ഷകളിലെ കുട്ടികളുടെ വിജയം
- മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ പ്രഥമാധ്യാപകൻ.
- മികച്ച സെൻസസ് പ്രവർത്തകയ്ക്കുള്ള വെള്ളി മെഡൽ നേടിയ അധ്യാപിക.
- റേഡിയോ മീഡിയാ വില്ലേജിലെ 'മിന്നാമിന്നി' പ്രോഗ്രാം.
- കുട്ടികളുടെ റേഡിയോ
- ഉപജില്ലാ കലോത്സവത്തിൽ ഒന്നിലധികം തവണ കരസ്ഥമാക്കിയ ഓവറോൾ ട്രോഫി.

- മികച്ച നാടകനടിക്കുള്ള അവാർഡ്.
- കരനെൽകൃഷി ആദ്യമായി ആരംഭിച്ച വിദ്യാലയം.
- കൃഷിവകുപ്പ് ഏർപ്പെടുത്തിയ ജില്ലാതല കൃഷി പുരസ്കാരം.
- മഴമറയും, കാർഷിക പ്രവർത്തനങ്ങളും
- മഴവെള്ള സംഭരണത്തിനുള്ള വിവിധ മാതൃകകൾ (മഴക്കുഴി, ഭൂഗർഭജലസംഭരണം, കിണർ റീച്ചാർജ്ജിംഗ്, മഴവെള്ള സംഭരണി)
- പ്ലാസ്റ്റിക് വിരുദ്ധ പ്രവർത്തനങ്ങൾ
- മാലിന്യസംസ്ക്കരണത്തിനുള്ള വിവിധ മാതൃകകൾ
- 74 ഏക്കർ തരിശുപാടം കൃഷിയോഗ്യമാക്കിയതിനു നേതൃത്വം (2017-18)
- ഗ്രന്ഥശാലാസംഘത്തിന്റെ ജില്ലാതല കഥാപ്രസംഗമത്സരവിജയം.
- കുട്ടികൾ ഖജാൻജിയും കാഷ്യറുമായി പ്രവർത്തിച്ചുവരുന്ന ബാങ്ക്.
- ജീവകാരുണ്യപ്രവർത്തനങ്ങളിലെ പങ്കാളിത്തം.
- കുട്ടികളുടെ കൈയെഴുത്തു മാസിക, കിലുക്കാംപെട്ടി.
- അക്ഷരമുറപ്പിക്കാൻ അധ്യാപകർക്കൊരു കൈപ്പുസ്തകം 'ഹരിശ്രീ'.
- നിരവധി തവണ ഉപജില്ലയിലെ മികച്ച വിദ്യാലയത്തിനുള്ള പുരസ്ക്കാരം
- കൗൺസലിംഗ് ക്ലാസ്സുകൾ (ജില്ലാ ഹോസ്പിറ്റൽ), ബോധവത്ക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ
- ജനമൈത്രി പോലീസിന്റെ ബോധവത്ക്കരണ ക്ലാസ്സുകൾ.

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമികം

**പരിമിതികൾ**

- കലാ, കായിക വിദ്യാഭ്യാസം നൽകുവാൻ അധ്യാപകരില്ല.
- കരകൗശല പരിശീലനം
- പ്രവൃത്തി പരിചയ പരിശീലനത്തിന് പൂർണസമയ അധ്യാപക സേവനം ഇല്ല.
- സ്കൂൾ ഗ്രന്ഥശാല, 'സ്മാർട്ട്' ആകണം.
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കുവാനുള്ള ഷെൽഫുകളുടെ അഭാവം.
- ആധുനിക ശാസ്ത്രഗണിത ലാബുകളുടെ അഭാവം
- വാനനിരീക്ഷണ സൗകര്യങ്ങൾ

## ഭൗതികം

**നേട്ടങ്ങൾ**

- ശതാബ്ദി സ്മാരക ഓപ്പൺ ഓഡിറ്റോറിയം
- സ്കൂൾ കവാടം
- അധ്യാപകർ സ്വന്തമായി പണം മുടക്കി വാങ്ങിയ വാഹനത്തിൽ പ്രഥമാധ്യാപകൻ കുട്ടികളെ സ്കൂളിലെത്തിക്കും. തിരിച്ച് വീട്ടിലെത്തിക്കുകയും ചെയ്യുന്നു.
- പഞ്ചായത്ത് സഹായത്തോടെ എല്ലാ കുട്ടികൾക്കും കസേരയും മേശയും.

- എൽ.സി.ഡി പ്രോജക്ടറും ടാപ്പ്ടോപ്പുകളും.
- ജൈവവൈവിധ്യപാർക്ക് 1 രജിസ്റ്റർ (എസ്.എസ്.എ. സഹായം)
- ഒരു സ്മാർട്ട് ക്ലാസ്സ്റൂം
- മഴവെള്ള സംഭരണി, മഴക്കുഴി, വാട്ടർ ടാങ്ക്
- ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റ്സ്

**പരിമിതികൾ**

- ഓഫീസ്, സ്റ്റാഫ് റൂം ഇവ നവീകരിക്കണം.
- സ്മാർട്ട് ക്ലാസ്സ്മുറികൾ ഉണ്ടാവണം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ശാസ്ത്രഗണിത ലാബുകൾ
- ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറിയും ഇരിപ്പിടങ്ങളും.
- ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപ്പുരയും, ഊണുമുറിയും, സ്റ്റോറുകളും.
- വാഹനസൗകര്യം.
- പൂർത്തീകരിച്ച ഓഡിറ്റോറിയം.
- സമീപസ്ഥലം കൂടി വാങ്ങി കളിസ്ഥലം, ജംപിങ്ങ് പിറ്റ്, ഇരിപ്പിടങ്ങൾ എന്നിവ സജ്ജമാക്കി മിനി സ്റ്റേഡിയം നിർമ്മിക്കുക. സൈക്കിളുകൾ, വ്യായാമം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, ട്രാക്ക് സ്യൂട്ടുകൾ, കളി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കു.
- സ്കൂൾ രേഖകൾ ഡിജിറ്റൈലസ്
- ഭാഷാലാബുകൾ

* ചിത്രച്ചുവരുകൾ
* മണൽത്തടം - എൽ.പി. കുട്ടികൾക്ക് എഴുതിപ്പഠിപ്പിക്കുന്നതിന്
* തിയറ്റർ സംവിധാനം
* കുട്ടികളുടെ പരിപാടികൾ ചിത്രീകരിക്കുവാനും, സൂക്ഷിക്കുവാനും പ്രദർശിപ്പിക്കുവാനുമുള്ള ഉപകരണങ്ങൾ
* കുട്ടികളുടെ പരിപാടികൾ അവതരിപ്പിക്കുവാനുള്ള മൈക്ക് സെറ്റ്, സ്പീക്കർ, കോഡ്ലെസ്സ് മൈക്ക് സിസ്റ്റം എന്നിവ.
* ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റ്സുകൾ സ്ഥാപിക്കണം.
* സ്കൂൾ റേഡിയോ സ്റ്റേഷനും, പരിപാടികൾ ക്ലാസ്സുമുറികളിലിരുന്ന് കേൾക്കുവാനും ഉള്ള സ്പീക്കറും നെറ്റ്‌വർക്ക് സംവിധാനവും.
* ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ്
* വോൾ കാസ്റ്ററിങ്ങ് സംവിധാനം
* പ്രവേശനാങ്കണം പ്രകൃതിസൗഹൃദടൈൽ പാകി, ചാരുബെഞ്ചുകൾ സ്ഥാപിച്ച് മതിലും ഗെയിറ്റും പെയിന്റടിച്ച് ആകർഷകമായ സ്കൂൾ നെയിം ബോർഡും സ്ഥാപിച്ച് മനോഹരമാക്കൽ.
* തുണിസഞ്ചി നിർമ്മാണയൂണിറ്റ് ആരംഭിക്കുവാൻ ആവശ്യമായ മിഷ്യനുകൾ, തുണി, കത്രികകൾ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ.
* സ്പൈറൽ ബയന്റിംഗ് സംവിധാനം.
* പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ
* കാർഷികോപകരണങ്ങൾ.

| മികവിനുള്ള പ്രവർത്തനങ്ങൾ | | |
|---|---|---|
| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
| ഭാഷാപരമായ നൈപുണികളുടെ വികസനം<br>- മലയാളം, ഇംഗ്ലീഷ്, ഹിന്ദി<br>- വായനയും ലേഖനവും മെച്ചപ്പെടുത്തിന്നതിന്<br>(Display, flash boardsഅക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ...)<br>- ചിത്രച്ചുവരുകൾ<br>- ബ്ലാക്ക്ബോർഡ് ചുവരുകൾ<br>(കുട്ടികൾക്ക് എഴുതുന്നതിനും വരയ്ക്കുന്നതിനും)<br>- മണലിലെഴുത്ത് സംവിധാനം<br>- മണൽത്തടം<br>- ഭാഷാലാബ്<br>- ഭാഷോത്സവം<br>- രചനാശില്പശാല<br>- വായനക്കളരി<br>- സർഗോത്സവം<br>- കൈയെഴുത്തുമാസിക<br>- സെമിനാറുകൾ<br>- നാടൻപാട്ടുകളരി<br>- നാടകക്കളരി<br>- വായനാസാമഗ്രി നിർമ്മാണശില്പശാല | മൾട്ടിമീഡിയ ക്ലാസ്മുറികൾ<br>ഭാഷാലാബുകൾ<br>ആധുനിക വായനാമുറി, ഷെൽഫുകൾ<br>പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>ചിത്രച്ചുവരുകൾ<br>ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ<br>പത്രമാസികകൾ<br>ലാപ്ടോപ്പുകൾ<br>നെറ്റ്‌വർക്ക് സംവിധാനം<br>സ്പീക്കർ, മൈക്രോഫോൺ<br>പ്രോജക്റ്റർ<br>സിഡികൾ<br>പുസ്തകരജിസ്റ്റർ | - ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>- ക്ലബ്ബുകൾ<br>- സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സാഹിത്യകാരന്മാർ, നാടൻ പാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ തുടങ്ങിയവരുടെ സേവനം ഉറപ്പാക്കൽ<br>- LSG, SSG, SMC, PTA തുടങ്ങിയവയുടെ ശാക്തീകരണം. |

| മികവിനുള്ള പ്രവർത്തനങ്ങൾ | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം |
| | ക്യാമറയും അനുബന്ധ ഉപകരണങ്ങളും | - പ്രവർത്തനമികവുകൾ |
| - ജന്മദിനത്തിലൊരു പുസ്തകം | സ്പൈറൽ ബൈൻഡിംഗ് സംവിധാനം | - ഡിജിറ്റലൈസ് ചെയ്യുവാനും പൊതുസമൂഹവുമായി പങ്കുവെയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ |
| - ദിനാചരണങ്ങൾ | പ്രിന്ററുകൾ | |
| - അസംബ്ലി | ഫോട്ടോസ്റ്റാറ്റ് മെഷീൻ | |
| - രചനാമത്സരങ്ങൾ | മൈക്ക് സെറ്റ്, സ്പീക്കർ | - വാട്സ്അപ്പ്, ഫേയ്സ്ബുക്ക് കൂട്ടായ്മകൾ |
| - സ്കൂൾ റേഡിയോ ക്ലബ്ബ് | കോഡ്ലെസ് മൈക്ക് സെറ്റ് | - ആഘോഷങ്ങൾ പൊതുസമൂഹവുമായി ഒത്തുചേർന്ന് |
| - തിയറ്റർ സംവിധാനം | | |
| - സാഹിത്യസമാജം | | |
| - വിജ്ഞാനപരീക്ഷകൾ | | |
| - പരീക്ഷകൾ | | |
| - റേഡിയോ മീഡിയാ വില്ലേജിലെ മിന്നാമിന്നി പ്രോഗ്രാം | | |
| **ശാസ്ത്രാഭിരുചി വളർത്തൽ** | ലാബ് ആധുനികവത്ക്കരണം | |
| - ശാസ്ത്രപോഷണ പരിപാടികൾ | ലാബ് ഉപകരണങ്ങൾ | - SMC, SSG |
| - മെഡിക്കൽ ക്യാമ്പ് | തോട്ടങ്ങൾ (ജൈവവൈവിധ്യപാർക്ക്, ഔഷധസസ്യത്തോട്ടം, പച്ചക്കറിത്തോട്ടം) | - കുടുംബശ്രീ, കൃഷിവകുപ്പ്, പഞ്ചായത്ത് തുടങ്ങിയവരുടെ സഹകരണം |
| - ജൈവവൈവിധ്യ പാർക്ക് | മഴമറ | |
| - ജൈവരജിസ്റ്റർ തയ്യാറാക്കൽ | മഴവെള്ളസംഭരണി | |
| - സസ്യങ്ങൾക്ക് നെയിംബോർഡ് തയ്യാറാക്കൽ | മഴക്കുഴികൾ | - പൊതുജന പങ്കാളിത്തം |
| - പച്ചക്കറിത്തോട്ട നിർമ്മാണം | മാലിന്യസംസ്ക്കരണം | |
| - ഔഷധത്തോട്ടനിർമ്മാണം | പൈപ്പ് കമ്പോസ്റ്റ് | |

| മികവിനുള്ള പ്രവർത്തനങ്ങൾ | | |
|---|---|---|
| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
| - മരം ഒരു വരം പദ്ധതി<br>- ഭക്ഷ്യമേള നാടൻ വിഭവങ്ങൾ<br>- ശാസ്ത്രാവബോധക്ലാസ്സുകൾ<br>- പ്ലാസ്റ്റിക് വിരുദ്ധ പ്രവർത്തനങ്ങൾ<br>- തുണിസഞ്ചിനിർമ്മാണം<br>- ആൽബം, പതിപ്പ് ഇവയുടെ നിർമ്മാണം | ബയോഗ്യാസ് പ്ലാന്റ്<br>തുണിസഞ്ചി നിർമ്മാണ യൂണിറ്റ്<br>പോസ്റ്ററുകൾ, പ്ലക്കാർഡ്സ് ലഘുരേഖകൾ | |
| **ഗണിതശേഷി വികസനം**<br>- ഗണിതാന്തരീക്ഷമൊരുക്കൽ<br>- ഗണിതമൂല സജ്ജീകരിക്കൽ<br>- Wall castery System ഉപയോഗപ്പെടുത്തൽ (പട്ടികകൾ, സൂത്രവാക്യങ്ങൾ തുടങ്ങിയവ)<br>- Display flash Board കളുടെ ഉയോഗം<br>- മാത്സ് ടാലന്റ് പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ബ്ലോഗ് ഉപയോഗപ്പെടുത്തൽ<br>- ഗണിതലാബ് സജ്ജീകരണം ഉപയോഗപ്പെടുത്തൽ<br>- ഗണിതക്കിറ്റിലെ സാമഗ്രികൾ ഉപയോഗിച്ചുള്ള പഠനം<br>- ഗണിതനാടകം | Wall castery System<br>Display flash boards<br>ഗണിതലാബ്<br>ഷെൽഫുകൾ<br>ഗണിതക്കിറ്റ്<br>ഗണിതബോധനോപകരണങ്ങൾ<br>Still models<br>Working models<br>ഗണിതച്ചുമരുകൾ<br>Bond Paper Spiral binding സംവിധാനം | - ഗണിതോപകരണങ്ങൾ, TLM ഇവ തയ്യാറാക്കാൻ പേരന്റ്സിന്റെ സഹായം തേടൽ<br>- പഠനപ്രക്രിയകളിൽ രക്ഷകർത്താക്കളുടെ പങ്ക് ഉറപ്പാക്കൽ.<br>- മികവുകൾ സമൂഹവുമായി പങ്കിടൽ |

| മികവിനുള്ള പ്രവർത്തനങ്ങൾ - ഗണിതം | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം |
| - മെട്രിക് മേള<br>- ഗണിതപ്പൂക്കളം, ഗണിതമാസിക ഇവ തയ്യാറാക്കൽ<br>**സാമൂഹ്യശാസ്ത്രവികസനം**<br>- പഠനയാത്രകൾ<br>- ഫീൽഡ് ട്രിപ്പ്<br>- സെമിനാറുകൾ<br>- പോസ്റ്റർ തയ്യാറാക്കൽ,<br>- പത്രമാസികകൾ വായിക്കുവാനുള്ള അവസരം<br>- ജീവചരിത്രക്കുറിപ്പുകൽ തയ്യാറാക്കൽ<br>- നിവേദനം തയ്യാറാക്കൽ<br>- ഭൂപടങ്ങളുടെ ചിത്രീകരണം<br>- സ്റ്റാമ്പ് കളക്ഷൻ<br>- ചരിത്രബുക്കുകളുടെ ശേഖരം<br>- ICT സാധ്യത പ്രയോജനപ്പെടുത്തൽ<br>- നാടിന്റെ ചരിത്രം തയ്യാറാക്കൽ<br>- അഭിമുഖങ്ങൾ<br>- ചരിത്രമ്യൂസിയം<br>- പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ<br>- പ്രദർശനങ്ങൾ | റിപ്പോർട്ടുകൾ, പതിപ്പുകൾ, ആൽബങ്ങൾ എന്നിവ തയ്യാറാക്കാൻ ആവശ്യമായ സാമഗ്രികൾ<br>ഗ്ലോബ്<br>വടക്കുനോക്കിയന്ത്രം<br>ചിത്രച്ചാർട്ടുകൾ<br>സി.ഡികൾ<br>പ്രോജക്ടറുകൾ<br>ചരിത്ര ഗ്രന്ഥങ്ങൾ<br>ശേഖരങ്ങൾ<br>ലാപ്പ്ടോപ്പ് | - PTA, SMC, SSG സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ എന്നിവയുടെ സഹകരണം.<br>- പ്രാദേശിക കൂട്ടായ്മ<br>- പ്രദേശിക ആളുകളുടേയും മുതിർന്ന പൗരന്മാരുടേയും സഹായം തേടൽ |

| മികവിനുള്ള പ്രവർത്തനങ്ങൾ | | |
| --- | --- | --- |
| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
| - ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>- ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ<br>(പോസ്റ്റർനിർമ്മാണം, ലഹരിവിരുദ്ധറാലി, നോട്ടീസ് വിതരമം, തെരുവുനാടകം, ബോധവത്ക്കരണ ക്ലാസ്സുകൾ)<br>- ശാസ്ത്രാവബോധക്ലാസ്സുകൾ<br>- പരീക്ഷണങ്ങളും നിരീക്ഷണങ്ങളും<br>- സർവ്വേ<br>- ഫീൽഡ് ട്രിപ്പ്<br>- പഠനയാത്രകൾ<br>- ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>- അഭിമുഖങ്ങൾ<br>- ലബോറട്ടറി ആധുനികവത്ക്കരിക്കൽ<br>- വാനനിരീക്ഷണം<br>- ശാസ്ത്രക്വിസും വിജ്ഞാനപരീക്ഷകളും<br>- ശാസ്ത്രനാടകങ്ങൾ<br>- ചരിത്രസ്മാരകങ്ങൾ, പൊതുസ്ഥാപനങ്ങൾ നിയമസഭാമന്ദിരം തുടങ്ങിയവ സന്ദർശിക്കൽ<br>- ആൽബം തയ്യാറാക്കൽ<br>- വാർത്തകൾ ശേഖരിക്കൽ<br>- സാമൂഹ്യാവബോധം സൃഷ്ടിക്കൽ<br>- വിവരശേഖരണം | - പ്രൊജക്ടറുകൾ<br>- ഡിസ്പ്ലേ ബോർഡ്സ്<br>- ശാസ്ത്രജ്ഞരുടേയും കണ്ടുപിടുത്തങ്ങളും ചിത്രങ്ങളും വിവരണങ്ങളും ഡിസ്പ്ലേ ചെയ്ത ഗ്യാലറി<br>- ദൂരദർശിനി<br>- മോഡൽസ്, സൗരയൂഥം<br>- ഹൃദയം, തലച്ചോറ്<br>- ചിത്രച്ചാർട്ടുകൾ<br>- കണ്ണ്, ചെവി, ഹൃദയം, വൃക്ക<br>- കാർഷിക ഉപകരണങ്ങൾ | - TLM നിർമ്മാണം വിദഗ്ദ്ധരുടെ സഹായത്തോടെ<br><br>പൊതുജനപങ്കാളിത്തം<br><br>- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, അധികാരികൾ സഹകരണസ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം ഉറപ്പാക്കൽ<br>- ആധുനിക മാധ്യമങ്ങൾ (സോഷ്യൽ മീഡിയ) എന്നിവയുമായുള്ള കൂട്ടായ്മ |

| മികവിനുളള പ്രവർത്തനങ്ങൾ | | |
|---|---|---|
| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
| കലാകായികപ്രവൃത്തി പരിചയശേഷികൾ വികസിപ്പിക്കൽ | - ഇരിപ്പിട സൗകര്യങ്ങൾ | - കായിക മികവ് തെളിയിച്ച പ്രദേശവാസികളുടെ സേവനം ഉറപ്പാക്കൽ |
| - നവീകരിച്ച കളിസ്ഥലം ഉപയോഗപ്പെടുത്തൽ | - ജംപിങ്ങ് പിറ്റ് എന്നിവയോടുകൂടിയ സ്റ്റേഡിയം | - ഹെൽത്ത് സെന്റർ |
| - വ്യായാമം | - കളി ഉപകരണങ്ങൾ | - പഞ്ചായത്ത് പി.റ്റി.എ. |
| - യോഗ | - ട്രാക്ക് സ്യൂട്ട്സ് | - എസ്.എസ്.എ. വിദഗ്ദ്ധരായ പ്രദേശവാസികൾ |
| - കായികപരിശീലനം | - വ്യായാമം ചെയ്യാനുള്ള ഉപകരണങ്ങൾ | |
| - മേളകൾ സംഘടിപ്പിക്കൽ | - മികവുറ്റ മൈതാനം | |
| - കബഡി പരിശീലനം | - തയ്യൽ മിഷ്യൻ | |
| - വൈദ്യപരിശോധന | - തുണി | |
| - തയ്യൽ പരിശീലനം | - പേപ്പർ, പത്രിക, പശ..... | |
| - തുണിബാഗ് നിർമ്മാണം | - ആർട്ട് ഗ്യാലറി | |
| - പ്രവർത്തി പരിചയ പരിശീലനം | - വാഹനം | |
| - നാടകക്കളരി | - പത്രമാസികകൾ | |
| - നാടൻ പാട്ടുകളരി | - ചിത്രച്ചാർട്ടുകൾ | |
| - ചിത്രരചനാക്യാമ്പ് | - നെറ്റ് വർക്ക് സംവിധാനം | |
| - സംഗീതനൃത്തപരിശീലനം | | |

# പദ്ധതി വിശദാംശങ്ങൾ

- മേഖല
- ഉപമേഖല
- ലക്ഷ്യം
- പ്രവർത്തനങ്ങൾ
- സാമ്പത്തിക വിശകലനം



| ഭാഷ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷീ വികസനം.<br><br>Std I - Std VII | പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും കുറവുകളും കണ്ടെത്തുന്ന കഥകൾ, പാട്ടുകൾ, അക്ഷര പദകേളികൾ, അക്ഷരക്കാർഡുകൾ, വാക്യക്കാർഡുകൾ, അഭിനയം, ഐ.സി.റ്റി. സാധ്യതകൾ ഇവ പ്രയോജനപ്പെടുത്തി വായന, ലേഖനം എന്നിവ മെച്ചപ്പെടുത്തുന്നു. | ഹ്രസ്വകാലം | ക്ലാസ്സ് അധ്യാപകർ | |
| | ക്ലാസ്ഭിത്തികളിൽ എഴുതിയിട്ടുള്ള അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ, കഥകൾ തുടങ്ങിയവ വായിക്കാനുള്ള അവസരം. | ദീർഘകാലം | രക്ഷകർത്താക്കൾ | |
| | മണലിലും ഭിത്തിയിലും എഴുതുവാനും വരയ്ക്കുവാനുമുള്ള അവസരം. | ദീർഘകാലം | | |
| | ക്ലാസ്സ് ലൈബ്രറി സജ്ജീകരിച്ചിട്ടുള്ള വായനാസാമഗ്രികൾ, കഥകൾ, കവിതകൾ എന്നിവ വായിക്കാനും അവയെക്കുറിച്ച് പറയുവാനും എഴുതുവാനുമുള്ള അവസരം | ദീർഘകാലം | ക്ലാസ്സ് അധ്യാപകർ | |

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| **ഭാഷാപരമായ നൈപുണികളുടെ വികസനം**<br>ക്രിയാത്മകമായ സൃഷ്ടികൾ, രചനകൾ, ഇവയിൽ ഏർപ്പെടാൻ അവസരം | കഥാരചന, കവിതാരചന എന്നിവയുടെ മൽസരങ്ങൾ സംഘടിപ്പിക്കൽ | പാദവാർഷികമായി തയ്യാറാക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി | Rs.5000<br>ക്ലബ്ബുകളുടെ സഹായം തേടൽ |
| വായനാസാമഗ്രികളുടെ ശേഖരണം, കവിതാസമാഹരം, കവിതാരചന | കഥാപതിപ്പ്, കവിതാപതിപ്പ് എന്നിവ തയ്യാറാക്കൽ | | | |
| | ഇവ പഠനപ്രവർത്തനവുമായി ബന്ധിപ്പിക്കുക. | | | |
| കുട്ടികളുടെ മികച്ച രചനകൾ പതിപ്പാക്കി പ്രസിദ്ധീകരിക്കൽ | രചനാമത്സരങ്ങൾ സംഘടിപ്പിക്കുക. | മാസത്തിലൊരിക്കൽ | വിദ്യാരംഗം | |
| ഭാഷാനൈപുണികൾ നേടുക | തദ്ദേശീയരായ എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിച്ച് അവരുമായി അഭിമുഖം നടത്തുക. | | | |
| വിവിധ സാഹിത്യസൃഷ്ടികൾ മനസ്സിലാക്കാൻ അവസരം നൽകുക. | | | | |
| | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, വർഗീകരിച്ച് ക്രമീകരിക്കൽ, ക്യാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ തയാറാക്കൽ | വർഷത്തിൽ ഒന്ന്<br>ഹ്രസ്വകാലം | HM & PTA Teachers | Rs.2000<br>സ്പോൺസർഷിപ്പ് |

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| സർഗാത്മകത വളർത്തുക. | വിവിധ സാഹിത്യരചനകൾ പരിചയപ്പെടാൻ അവസരമൊരുക്കുക.<br>പ്രാദേശിക ലൈബ്രറിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുക, മത്സരങ്ങളിൽ പങ്കെടുക്കുക. | വർഷത്തിൽ ഒരു തവണ | HM & PTA ടീച്ചേഴ്സ് | Rs.2000 സ്പോൺസർഷിപ്പ് |
| കലാപരമായ കഴിവുകൾ വളർത്തുക. | പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി മാറ്റുക.<br>പരിശീലനം നൽകുക, അവതരിപ്പിക്കുക. | വർഷത്തിൽ പല പ്രാവശ്യം | HM & വിദ്യാരംഗം | Rs.3000 ലൈബ്രറി ക്ലബ് |
| കുട്ടീസ് റേഡിയോ അവതരണം | സ്കൂൾ ഓഫീസിൽ പ്രവർത്തിക്കുന്ന റേഡിയോ സംവിധാനം വഴി ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പരിപാടി ക്രമീകരിച്ച് അവതരിപ്പിക്കുക. | 2 വർഷത്തിൽ 2 തവണ<br>ദീർഘകാലം | S.S.G | Rs.5000 |

| മലയാളം | | | | |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ദിനാചരണങ്ങൾ | സമീപത്തുള്ള റേഡിയോ മാംഗോ സംപ്രേക്ഷണകേന്ദ്രം വഴി ന്റെയും കുട്ടികളുടെയും പരിപാടികൾ സംപ്രേക്ഷണം ചെയ്യുക. | വർഷത്തിൽ പല തവണ | HM & Media Village ടീച്ചേഴ്സ് | Rs.2000 മീഡിയ വില്ലേജ് |
| | ജൂൺ മുതൽ മാർച്ച് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | SRG<br>PTA<br>S.S.G. | |

| മേഖല അക്കാദമികം | | ഉപമേഖല - ഇംഗ്ലീഷ് | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | കുട്ടികളുടെ നിലവാരം കണ്ടെത്തൽ - പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും കുറവുകളും കണ്ടെത്തുന്നു. | ഹ്രസ്വകാലം | ക്ലാസ്സ് ടീച്ചർ | |
| | കുറവുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. നടപ്പിലാക്കുന്നു. | ഹ്രസ്വകാലം | പ്രഥമാധ്യാപകൻ<br>SRG<br>ക്ലാസ്സ് ടീച്ചർ | ഒരു കുട്ടിക്ക് 50 രൂപ |
| | English Stories, rhymes, games, conversation എന്നിവ കാണുവാനും കേൾക്കുവാനുമുള്ള അവസരങ്ങൾ. ICT സാധ്യത പ്രയോജനപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസങ്ങൾ | ക്ലാസ്സ്ടീച്ചർ | 2000 |
| | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സസ് | പ്രതിദിനം | ക്ലാസ്സ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷ് വായനാസാമഗ്രികൾ - അക്ഷരക്കാർഡുകൾ, സെന്റൻസ് സ്ട്രിപ്സ്, സിംപിൾ സ്റ്റോറീസ്, പിക്ച്ചർ കാർഡ്സ് - ഉപയോഗിക്കുന്നു. | പ്രതിദിനം | | |
| | ഇംഗ്ലീഷ് അസ്സംബ്ളി | മാസത്തിൽ ഒന്ന് | | 1000 |

| മേഖല അക്കാദമികം | | ഉപമേഖല – ഇംഗ്ലീഷ് | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. HMഇംഗ്ലീഷിൽ സന്ദേശം നൽകുന്നു. ഓരോ ക്ലാസ്സിനും ഇടവിട്ട് ചുമതല നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | 21 |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | | | | |
| ന്യൂസ് തയ്യാറാക്കൽ | മലയാളം ദിനപ്പത്രം വായിച്ച് വാർത്ത ഇംഗ്ലീഷിലേക്ക് മാറ്റി എഴുതുന്നു. | ആഴ്ചയിൽ 5 ദിവസം | ക്ലാസ്സ് ടീച്ചർ | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള പ്രാപ്തി നേടുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കിറ്റ്, ഡ്രാമ, കോൺവർസേഷൻ എന്നിവ തയ്യാറാക്കി അവതരിപ്പിക്കൽ | വർഷം മുഴുവൻ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയെ രചനാപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ഷോർട്ട് സ്റ്റോറി ബുക്ക്സ് വായിച്ച് സംഗ്രഹം തയ്യാറാക്കുക. | വർഷം മുഴുവൻ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ലൈബ്രറി റീഡിൽ താല്പര്യം ഉണർത്തുക. | | | | |

| മേഖല അക്കാദമികം | | ഉപമേഖല - ഇംഗ്ലീഷ് | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഇംഗ്ലീഷ് ഫെസ്റ്റ് | വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | 5 ദിവസം | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് ലെറ്റർ റൈറ്റിംഗ്<br>ഇംഗ്ലീഷ് എഴുതാൻ കഴിവു നേടൽ | സ്കൂളിൽ നടക്കുന്ന പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സുഹൃത്തുക്കൾക്കോ ബന്ധുക്കൾക്കോ കത്തെഴുതൽ. | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| Translation of Mala Books<br>വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാളം സാഹിത്യകൃതികൾ ആശയം വ്യത്യാസപ്പെടാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക. | വർഷത്തിൽ 2 തവണ | ക്ലാസ്സ് ടീച്ചർ | |
| ഗ്രാമർ ക്ലാസ്<br>വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് ഉപയോഗിക്കാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുളള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് പ്രസംഗ മത്സരം. ഉച്ചാരണശുദ്ധിയോടെ ഇംഗ്ലീഷ് സംസാരിക്കാനുളള കഴിവ് നേടൽ. | വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ മാസത്തിലൊന്ന് പ്രസംഗ മത്സരം സംഘടിപ്പിക്കുക. | പ്രതിമാസം | വിദ്യാരംഗം | |

**മേഖല അക്കാദമികം** **ഉപമേഖല - സയൻസ്**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| പരിസര നിരീക്ഷണ ശേഷി, വികസനം<br><br>പ്രകൃതി സൗഹൃദവിദ്യാഭ്യാസം<br>പഠനം അനുഭവേദ്ര്യമാക്കൽ | ഫീൽഡ് ട്രിപ്പ് | ഹ്രസ്വകാലം | | |
| ചുറ്റുപാടുളള സസ്യങ്ങൾ, പക്ഷികൾ, ജീവികൾ, വീടുകൾ, കൂടുകൾ, മഴ, വെളളം, തുടങ്ങിയവയെക്കുറിച്ചുളള വിവരശേഖരണം നടത്തുവാനുളള നൈപുണി വികാസം ദിനാചരണങ്ങളിൽ, പങ്കുചേരൽ പ്രാധാന്യം മനസ്സിലാക്കൽ. മഹദ്വ്യക്തികൾ, പൊതുസ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് വിവിരശേഖരണം. | ഫീൽഡ് ട്രിപ്പ്, ചർച്ച നിരീക്ഷണം, വർഗീകരണം, ആൽബം തയ്യാറാക്കൽ. അനുഭവങ്ങൾ പങ്കുവെയ്ക്കൽ<br>അഭിമുഖം<br><br>ജൈവവോവിധ്യോദ്യാന നിർമ്മാണത്തിൽ പങ്കാളികളാവൽ | വർഷത്തിൽ തവണ | സാമൂഹ്യശാസ്ത്രക്ലബ് | |
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാനുളള കഴിവും താൽപര്യവും ഉണ്ടാക്കൽ | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ | | | |

| മേഖല അക്കാദമികം | | ഉപമേഖല - സയൻസ് | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| വിവിധ ആഘോഷങ്ങൾ, ചടങ്ങുകൾ, സാമ്യവ്യത്യാസങ്ങൾ എന്നിവ തിരിച്ചറിയൽ<br>ദേശീയദിനാഘോഷങ്ങളിൽ പങ്കാളികളാവൽ.<br>ദേശഭക്തി വളർത്തൽ. | വിവരശേഖരണം<br>ആഘോഷങ്ങളിൽ പങ്കാളികളാവാൽ<br>ആൽബം തയ്യാറാക്കൽ<br>പതിപ്പുകൾ തയ്യാറാക്കൽ<br>ദേശഭക്തിഗാനാലാപം<br>ദേശീയദിനാചരണങ്ങളിൽ പങ്കാളികളാവൽ | | SRG<br>SSG<br>സോഷ്യൽ സയൻസ് ക്ലബ് | |

**മേഖല അക്കാദമികം** **ഉപമേഖല - സയൻസ്**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ശാസ്ത്രപരമായ അറിവുകൾ വികസിപ്പിക്കൽ<br>കൊച്ചുകുട്ടികൾക്ക് ശാസ്ത്രീയ അറിവുകൾ നേടിക്കൊടുക്കുക എന്ന ലക്ഷ്യം. | നിരീക്ഷണങ്ങളിലൂടെയും ഇന്ദ്രിയങ്ങൾ മുഖേന മനസ്സിലാക്കിയും പ്രകൃതിയും മണ്ണുമായി ഇണങ്ങിച്ചേരാൻ ഫീൽഡു ട്രിപ്പുകൾ സംഘടിപ്പിക്കുക (നേച്ചർ സ്റ്റഡി) | മാസത്തിലൊരിക്കൽ | | |
| പരീക്ഷണങ്ങൾ നടത്തി കാര്യഗ്രഹണം<br>ശാസ്ത്ര ലാബ് വിപുലീകരിക്കൽ | ചെറു പരീക്ഷണങ്ങൾ നൽകി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും ഉളള പ്രവർത്തനങ്ങൾ. | പാഠഭാഗവുമായി ബന്ധപ്പെടുത്തി | ക്ലാസ്സ് ടീച്ചർ<br>സയൻസ് ക്ലബ് | |
| | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ തരം തിരിച്ച് കാറ്റലോഗ് രജിസ്റ്റർ തയ്യാറാക്കുക. പുതിയ ഉപകരണങ്ങൾ വാങ്ങുക. | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | |

| മേഖല അക്കാദമികം | | | ഉപമേഖല - സയൻസ് | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| വ്യക്തിഗതമായും ഗ്രൂപ്പായും പരീക്ഷണങ്ങൾ നടത്താനുള്ള സൗകര്യം. | ലാബിനോടനുബന്ധമായി പരീക്ഷണങ്ങൾ നടത്താനുള്ള വിശാലമായ ഹാൾ. അതിൽ വെളിച്ചവും പൈപ്പു സൗകര്യവും ലഭ്യമാക്കുക. | ആഴ്ചയിൽ ഒരിക്കൽ | സയൻസ് ടീച്ചർ | |
| ശാസ്ത്രീയ മനോഭാവം വളർത്താൻ<br>ശാസ്ത്ര അഭിരുചി രൂപീകരിക്കുക. | ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങൾ, ജീവചരിത്രങ്ങൾ, ബോധവൽക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുക. | മാസത്തിൽ ഒരിക്കൽ | H.M, PTA | |
| കുട്ടിശാസ്ത്രജ്ഞരെ കണ്ടെത്തുക. | ശാസ്ത്രം സത്യമാണ് എന്ന ബോധം വളർത്താനുതകുന്ന കാര്യങ്ങൾ അന്ധവിശ്വാസങ്ങൾ അകറ്റി ശാസ്ത്രസത്യങ്ങൾ മനസ്സിലാക്കുക. അതിനായി ക്ലാസ്സ് സംഘടിപ്പിക്കുക. | വർഷത്തിൽ 2 പ്രാവശ്യം | P.T.A, SMC | |
| ഫീൽഡ് ട്രിപ്പുകൾ, സയൻസ് പഠനം രസകരവും, ആകാംക്ഷ ഉണർത്തുന്നതും ആക്കാൻ. | ശാസ്ത്രത്തിൽ നല്ല നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തുവാൻ മത്സരങ്ങൾ നടത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുക. | മാസത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |
| | ശാസ്ത്രമ്യൂസിയങ്ങൾ, റോക്കറ്റ് വിക്ഷേപണകേന്ദ്രം ഇവ സന്ദർശിക്കൽ, സയൻസ് എക്സിബിഷൻസ് സംഘടിപ്പിക്കൽ, നിരീക്ഷണങ്ങൾ അതിനായി പഠനയാത്രകൾ. | വർഷത്തിൽ 2 പ്രാവശ്യം | P.T.A, സയൻസ് ക്ലബ് | |

മേഖല അക്കാദമികം                                         ഉപമേഖല - സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ശാസ്ത്രമേളകൾ - ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾതലത്തിൽ ശാസ്തമേളകൾ സംഘടിപ്പിക്കുക. എല്ലാ ക്ലാസ്സുകളുടേയും പങ്കാളിത്തം ഉറപ്പാക്കുക. വിജയികളെ പ്രോത്സാഹിപ്പിക്കുക. | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | |
| കൃഷി ഒരു സംസ്ക്കാരമായി കാണുന്ന അവസ്ഥ സംജാതമാകുന്നു. | ജൈവകൃഷി രീതിയെ പ്രോത്സാഹിപ്പിക്കുക. സ്കൂളിൽ ഒരു പച്ചക്കരിതോട്ടം, വീട്ടിൽ ഒരു പച്ചക്കറി തോട്ടം എന്ന ആശയം നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുക. | ജൂൺ- മാർച്ച് | സയൻസ് ക്ലബ് പരിസ്ഥിതി ക്ലബ് പി.റ്റി.എ. | |
| വൈദ്യുതി അമൂല്യമാണ്. അത് പാഴാക്കരുത് എന്ന ബോധം കുട്ടിക്കാലത്തേ രൂപപ്പെടുത്തുക. | ചെറിയ ക്ലാസ് മുതൽ വൈദ്യുതിയുടെ പ്രാധാന്യം അത് പാഴാക്കരുത് എന്ന ബോധം വളർത്തുക. ഉപയോഗശേഷം വൈദ്യുതി ഓഫ് ചെയ്യുക. വീട്ടിലെ കറൻ ചാർജ്ജ് ബിൽ ഓരോ പ്രാവശ്യവും ശ്രദ്ധിച്ച് കുറയാനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുക. | വർഷം മുഴുവൻ | സയൻസ് ക്ലബ് | |

| മേഖല അക്കാദമികം | | | | ഉപമേഖല - സാമൂഹികശാസ്ത്രം |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ജല സംരക്ഷണ പ്രവർത്തനം | കിണർ, മറ്റു ശുദ്ധജലസ്രോതസ്സ് ഇവ ശുദ്ധീകരിച്ച് സംരക്ഷിക്കൽ. ജലം അമൂല്യമാണ്. അത് പാഴാക്കരുത് എന്നുള്ള പോസ്റ്ററുകൾ, ബാനറുകൾ ഇവയുടെ നിർമ്മാണം. | പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ് | വർഷത്തിൽ ഒരിക്കൽ | |
| ശുചിത്വമുള്ള ചുറ്റുപാടിൽ ശുദ്ധവായു ലഭ്യമാകുന്നവിധം ക്ലാസ് അന്തരീക്ഷം. | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും നാം തിരിച്ച് സംസ്ക്കരിക്കുന്ന പ്രവർത്തനം. ബയോ കംമ്പോസ്റ്റ് നിർമ്മാർണം. | സയൻസ് ക്ലബ് പി.റ്റി.എ. നേച്ചർ ക്ലബ് | വർഷത്തിൽ ഒരിക്കൽ | |
| മരം ഒരു വരം - ഹരിതസസ്യങ്ങൾ, വൃക്ഷങ്ങൾ ഇവ പരമാവധി വച്ചുപിടിക്കൽ നശിപ്പിക്കാതിക്കും. | ശുദ്ധവായു ലഭ്യമാകുവാനും പ്രകൃതിയെ സംരക്ഷിക്കുവാനും ഓരോ കുട്ടിക്കും ഓരോ മരം എന്ന രീതിയിൽ സ്കൂളിലോ വീട്ടിലോ വച്ചു പിടിപ്പിക്കുക. മരത്തിന്റെ വളർച്ചയുടെ പുരോഗതി ഇടയ്ക്കിടെ വിലയിരുത്തുക. | നേച്ചർ ക്ലബ് | ജൂൺ -5 | |

| മേഖല അക്കാദമികം | | ഉപമേഖല - സാമൂഹികശാസ്ത്രം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| സാമൂഹികശാസ്ത്രപഠനം കൂടുതൽ കാര്യക്ഷമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ സാമൂഹ്യശാസ്ത്രലാബ് സജ്ജീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം ദീർഘകാല ഉപയോഗം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ | | | |
| ചരിത്രം, ഭൂമിശാസ്ത്രം, സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ എന്നിവയിലുള്ള അവബോധം, സജീവമായ ഇടപെടൽ | ചരിത്ര മ്യൂസിയം, സാമൂഹ്യശാസ്ത്ര മ്യൂസിയം, ശാസ്ത്രവുമായി ബന്ധപ്പെട്ട ഇടങ്ങൾ എന്നിവ സന്ദർശിക്കൽ. ഇവയുമായി ബന്ധപ്പെട്ട സി.ഡി. പ്രദർശനങ്ങൾ കാണൽ, കുറിപ്പുകൾ, തയ്യാറാക്കൽ | | | |
| ചരിത്രത്തോട് താല്പര്യം | ഭൂമിശാസ്ത്ര പ്രത്യേക സെമിനാർ<br>ചീരഞ്ചിറയുടെ ചരിത്രം<br>പേരിന്റെ ഉല്പത്തി അന്വേഷണം<br>കേരളീയ കലകൾ | | | |

| മേഖല അക്കാദമികം | ഉപമേഖല - കണക്ക് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഗണിതശേഷി<br>സംഖ്യാബോധം വളർത്തൽ<br>സംഖ്യാ വ്യാഖ്യാനം<br>ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>ഗണിതലാബ് സജ്ജീകരിക്കൽ<br>ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ<br>ഗണിതപാർക്ക്<br>ഗണിതം മധുരമാക്കൽ | പ്രീടെസ്റ്റ് നടത്തി കുട്ടികലുടെ നിലവാരം കണ്ടെത്തുന്നു. എണ്ണൽ സാമഗ്രികൾ, ഗണിതോപകരണങ്ങൾ എന്നിവ ഉപയോഗിച്ച് സംഖ്യാബോധം വളർത്തുന്നു. | വർഷം മുഴുവൻ | Tr. | |
| | ഗണിതകളരി, പട്ടികവ്യാഖ്യാനം കൂടുതൽ പ്രവർത്തനങ്ങൾക്ക് അവസരം നൽകുന്നു. | വർഷത്തിൽ ഒരു തവണ | | |
| | ഗണിതലാബ് സജ്ജീകരിക്കുക. ലാബിൽ ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | SRG സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | Trs. | |
| | ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് രസകരമായ ചിത്രങ്ങൾ തയ്യാറാക്കുന്നു. മൽസരങ്ങളിൽ പങ്കെടുക്കുന്നു | | Trs. | |

മേഖല അക്കാദമികം | ഉപമേഖല - കണക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഗണിതകേളികൾ<br><br>ഗണിതത്തിലെ ബുദ്ധിമുട്ടനുഭവിക്കുന്ന മേഖലകൾ ലളിതമാക്കി, പഠനം എളുപ്പ മാക്കുക.<br><br>ഗണിതത്തോട് താല്പര്യം ജനിപ്പിക്കുക. | ഗണിത പസിൽസ്<br>കുസൃതി ചോദ്യങ്ങൾ<br><br>ഗണിത ചാർട്ട് നിർമ്മാണം | വർഷം മുഴുവൻ | Maths Tr. | |

**മേഖല - ഭാഷാപഠനം** **ഉപമേഖല - ഹിന്ദി ഭാഷാ പഠനം**

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**

- എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ്
- ഹഫ്തെ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്)
- ഹിന്ദി ക്ലാസ് ലൈബ്രറി
- ഹിന്ദി അസംബ്ലി (ആഴ്ചയിൽ ഒന്ന്)
- ഹിന്ദി ഡിജിറ്റൽ ലൈബ്രറി
- ഹിന്ദി പ്രശ്നോത്തരി ആഴ്ചയിൽ (ഒന്ന്)
- ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും
- നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം.
- ഹിന്ദി നോട്ടുപുസ്തകം സമഗ്രവും ആകർഷകവും ആക്കുക.
- ഹിന്ദി പത്രം, ഇ-പത്രം ലഭ്യമാക്കുക.
- I.C.T. ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക.
- ഹിന്ദി കലോത്സവം

- എന്റെ ഹിന്ദി ഡയറി (ആഴ്ചയിൽ ഒന്ന്)
- ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ
- ഹിന്ദി നാടകം, സ്കിറ്റ്, റോൾ പ്ലേ, കൊറിയാഗ്രാഫി
- ഹിന്ദി വർക്ക് ഷീറ്റ് നിർമ്മാണം, ഉപയോഗം
- ഹിന്ദി സംസാരിക്കുവാനുള്ള പ്രത്യേക പരിശീലനം
- ഹിന്ദി ഫിലിം ക്ലബ്ബ്
- ഹിന്ദി കൈയ്യെഴുത്ത് മാസിക
- ദിനാചരണങ്ങൾ ഹിന്ദിയിൽ
- എന്റെ ഹിന്ദി ബുക്ക്
- ഹിന്ദി ബാലസഭ
- ഹിന്ദി ക്ലബ്
- ഹിന്ദി തിയറ്റർ
- ഹിന്ദിയിൽ കത്തെഴുത്ത്
- ബാലസാഹിത്യകൃതി വിവർത്തനം
- വ്യാകരണ പഠനം
- ഹിന്ദി റേഡിയോ

| മേഖല അക്കാദമികം | | | ഉപമേഖല - സാമൂഹികശാസ്ത്രം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| യു.പി. തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം. | അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, വാക്യക്കാർഡുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി കുട്ടികളെ വായനയിലേക്കു നയിക്കൽ | മധ്യമകാലം | ഹിന്ദി അധ്യാപിക | |
| ഹിന്ദി എഴുത്ത് | കുട്ടികളുടെ അധികവായന ലക്ഷ്യമാക്കി ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും. (വലിയ അക്ഷരങ്ങളോടുകൂടിയതും വർണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥപ്പുസ്തകങ്ങൾ, ബാലമാസികകൾ തുടങ്ങിയവ). | | | |
| | ബാലഗീതങ്ങൾ, കവിതകൾ, പുസ്തകവുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ ഉല്പന്നങ്ങൾ എന്നിവ ചേർത്ത് ചുവർപത്രിക തയ്യാറാക്കുന്നു. | മധ്യമകാലം | ഹിന്ദി അധ്യാപിക | |
| അസംബ്ളി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. എല്ലാ വിദ്യാർത്ഥികൾക്കും അവതരണത്തിന് അവസരം ഒരുക്കും. | | | |
| ദിനാചരണങ്ങൾ | ഹിന്ദി ദിനം, പരിസ്ഥിതി ദിനം എന്നിങ്ങനെ പ്രാധാന്യമുളള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. | | ഹിന്ദി ക്ലബ് | |

| മേഖല അക്കാദമികം | ഉപമേഖല - ഹിന്ദി | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, വാക്യക്കാർഡുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി കുട്ടികളെ വായനയിലേക്കു നയിക്കൽ | മധ്യമകാലം | ഹിന്ദി അധ്യാപിക | |
| | കുട്ടികളുടെ അധികവായന ലക്ഷ്യമാക്കി ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും. (വലിയ അക്ഷരങ്ങളോടു കൂടിയതും വർണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥപ്പുസ്തകങ്ങൾ, ബാലമാസികകൾ തുടങ്ങിയവ). | | | |
| | ബാലഗീതങ്ങൾ, കവിതകൾ, പുസ്തകവുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ ഉല്പന്നങ്ങൾ എന്നിവ ചേർത്ത് ചുവർപത്രിക തയ്യാറാക്കുന്നു. | മധ്യമകാലം | ഹിന്ദി അധ്യാപിക | |
| | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. എല്ലാ വിദ്യാർത്ഥികൾക്കും അവതരണത്തിന് അവസരം ഒരുക്കും. | | | |
| | ഹിന്ദി ദിനം, പരിസ്ഥിതി ദിനം എന്നിങ്ങനെ പ്രാധാന്യമുളള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. | | ഹിന്ദി ക്ലബ് | |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | ഹിന്ദി പഠനത്തിന് സഹായകമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രാവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതികവിദ്യ വിനിയോഗിക്കും. | ദീർഘകാലം | ഹിന്ദി അധ്യാപിക | |
| സർഗവായന പരിപോഷിപ്പിക്കുന്നതിനായി ഹിന്ദി മത്സരങ്ങൾ | വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ വിലയിരുത്താനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കഥാരചന, കവിതാരചന, പ്രസംഗം, ഗാനാലാപം തുടങ്ങിയ മത്സരങ്ങൾ നടത്തുകയും പ്രോത്സാഹനസമ്മാനങ്ങൾ നൽകുകയും ചെയ്യും. | ഹ്രസ്വകാലം | ഹിന്ദി ക്ലബ് ഹിന്ദി അധ്യാപിക | |

| മേഖല അക്കാദമികം | | | ഉപമേഖല - ഹിന്ദി | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ് | അഞ്ചാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും പേര്, സ്കൂൾ, ക്ലാസ്, വിലാസം ഉൾപ്പെടുത്തിയ കാർഡ് (ഹിന്ദി പഠനത്തിനു മാത്രം) | ജൂൺ 18 മുതൽ | ഹിന്ദി അധ്യാപിക | 1000/ |
| ഹഫ്തെ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്) | ഓരോ ആഴ്ചയിലും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു. | | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ് | |

**മേഖല അക്കാദമികം** | **ഉപമേഖല - ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഹിന്ദി ക്ലാസ്സ് ലൈബ്രറി | ഓരോ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി നിർമ്മാണം ഓരോ ക്ലാസ്സിന്റെയും നില വാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. കുറിപ്പികൾ എഴുതിക്കുന്നു. | ജൂൺ 18 മുതൽ | ഹിന്ദി അധ്യാപിക | 1000/ |
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായനസാമഗ്രികളുടെ ഡിജിറ്റൽ റിസോഴ്സ്, പി.ഡി.എഫ്, വീഡിയോസ്, ചിത്രങ്ങൾ, വായനാസാമഗ്രികൾ എന്നിവ ശേഖരിക്കുന്നു.<br>ഇ-വായന പ്രോത്സാഹിപ്പിക്കുന്നു. | | | |
| ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന ആഴ്ച ക്ലബ് രൂപീകരിക്കുന്നു. | | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ് | |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| | പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ 2018 മുതൽ | അധ്യാപിക ഹിന്ദി ക്ലബ് | 1000/- |
| ഹിന്ദി പ്രദർശനബോർഡ് ഓരോ ക്ലാസ്സിലും | ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും തയ്യാറാക്കി വയ്ക്കുന്നു. | ജൂൺ 2018 മുതൽ | അധ്യാപിക ഹിന്ദി ക്ലബ് | 4000/- |
| ഹിന്ദി പത്രം, ഇ-പേപ്പർ ലഭ്യമാക്കൽ | ഹിന്ദി പത്രങ്ങൾ ലഭ്യമാക്കുക, ഇന്റർനെറ്റിൽ നിന്നും ഇ-പേപ്പർ പ്രിന്റ് എടുത്തു വായനക്ക് അവസരം നൽകുക, ഓരോ ആഴ്ചയും വ്യത്യസ്തമായ പത്രങ്ങൾ പരിചയപ്പെടുത്തുന്നു. | | അധ്യാപിക ഹിന്ദി ക്ലബ് | 2000/- |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| | പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ 2018 മുതൽ | അധ്യാപിക ഹിന്ദി ക്ലബ് | 1000/- |
| ഹിന്ദി പ്രദർശനബോർഡ് ഓരോ ക്ലാസ്സിലും | ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും തയ്യാറാക്കി വയ്ക്കുന്നു. | ജൂൺ 2018 മുതൽ | അധ്യാപിക ഹിന്ദി ക്ലബ് | 4000/- |
| ഹിന്ദി പത്രം, ഇ-പേപ്പർ ലഭ്യമാക്കൽ | ഹിന്ദി പത്രങ്ങൾ ലഭ്യമാക്കുക, ഇന്റർനെറ്റിൽ നിന്നും ഇ-പേപ്പർ പ്രിന്റ് എടുത്തു വായനക്ക് അവസരം നൽകുക, ഓരോ ആഴ്ചയും വ്യത്യസ്തമായ പത്രങ്ങൾ പരിചയപ്പെടുത്തുന്നു. | | അധ്യാപിക ഹിന്ദി ക്ലബ് | 2000/- |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| എന്റെ ഹിന്ദി ബുക്ക് | ഓരോ കുട്ടിക്കും അവരുടെ സ്വന്തം ഹിന്ദി ബുക്ക്, ഇഷ്ടപ്പെടുന്ന പേര് നൽകുന്നു. പോർട്ട് ഫോളിയോ ആയി ഉപയോഗിക്കാം. ഇതിൽ കുട്ടി ശേഖരിക്കുന്ന ഹിന്ദിയുമായി ബന്ധപ്പെട്ട എന്തും രേഖപ്പെടുത്താം. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപകൻ / ക്ലബ് | |
| ഹിന്ദി പ്രശ്നോത്തരി ആഴ്ചയിൽ ഒന്ന് | എല്ലാ വെള്ളിയാഴ്ചയും ഹിന്ദി സാഹിത്യം, പൊതുവിജ്ഞാനം അടിസ്ഥാനമാക്കി ഹിന്ദി ക്വിസ് നടത്തി വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ | | | |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഹിന്ദി ഫിലിം ക്ലബ്ബ് | ഹിന്ദി ഫിലിം ക്ലബ്ബ് രൂപീകരിക്കുന്നു. ഓരോ മാസവും കുട്ടികളുമായി ബന്ധപ്പെട്ട ഓരോ ഫിലിം എല്ലാ കുട്ടികൾക്കും കാണാൻ പഠനസമയം നഷ്ടപ്പെടുത്താതെ അവസരം നൽകുന്നു. കുട്ടികൾക്കുള്ള കാർട്ടൂൺ ഫിലിംസ് ഒഴിവു സമയത്ത് പ്രയോജനപ്പെടുത്തുന്നു. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപിക / ഹിന്ദി ക്ലബ്ബ് | 5000/- |
| നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം. | നിരന്തര മൂല്യനിർണ്ണയത്തിന് കൂടുതൽ ശ്രദ്ധ നൽകി ഓരോ കുട്ടിയുടേയും പഠനപുരോഗതി വിലയിരുത്തി പഠനനേട്ടം നേടിയെന്ന് ഉറപ്പുവരുത്തുകയും ഇല്ലെങ്കിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | | അദ്ധ്യാപിക/ ഹിന്ദി ക്ലബ്ബ് | S.R.G. |
| ഹിന്ദി നോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കുക. | ഓരോ കുട്ടിയുടേയും ഹിന്ദി നോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കുന്നു. രക്ഷിതാക്കളെ ഇതിനായി കുട്ടികളെ സഹായിക്കുവാൻ അറിയിക്കുകയും ചെയ്യുന്നു. | | അദ്ധ്യാപിക/ രക്ഷാകർത്താക്കൾ | |

മേഖല അക്കാദമികം

ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഹിന്ദി ബാലസഭ | മാസത്തിൽ ഒരു വെള്ളിയാഴ്ച എല്ലാ ക്ലാസ്സിലും സഹവേള പീരിയഡ് സമയത്ത് ഹിന്ദി ബാലസഭ നടത്തുന്നു. | | അധ്യാപിക, ഹിന്ദി ക്ലബ് | |
| എന്റെ ഹിന്ദി ഡയറി | ഓരോ ആഴ്ചയും അവരവരുടെ വിശേഷപ്പെട്ട ഒരു ദിവസത്തെ ഡയറി എഴുതി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. (അഞ്ചാം ക്ലാസ്സുകാർക്ക് മാത്രം എല്ലാ വർഷവും നവംബർ മുതൽ ഹിന്ദി സംസാരിക്കുവാനുള്ള പ്രത്യേക പരിശീലനം പഠനസമയം നഷ്ടപ്പെടുത്താതെ സമയം കണ്ടെത്തി നൽകുന്നു. സംസാരിക്കുവാൻ കുട്ടികൾക്ക് അധികം സമയം നൽകുന്നു. | ആഗസ്റ്റ് 2018 മുതൽ | അധ്യാപിക, ഹിന്ദി ക്ലബ് | |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഹിന്ദി നാടകം, സ്കിറ്റ്, റോൾ പ്ലേ, കൊറിയോഗ്രാഫർ | പാഠഭാഗങ്ങൾ വിവിധയിനം രൂപങ്ങളിൽ അവതരിപ്പിക്കുന്നു. എല്ലാ കുട്ടികളുടെയും മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | | അധ്യാപിക, ഹിന്ദി ക്ലബ് | 5000 |
| ഹിന്ദി വർക്ക്ഷീറ്റ് നിർമ്മാണം, ഉപയോഗം | ഒന്നാം ടേം മൂല്യനിർണയം കഴിഞ്ഞാലുടൻ തന്നെ പിന്നോക്കം നൽകുന്ന കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. വിലയിരുത്തി ഫീഡ് ബാക്കി SRG യിൽ അവതരിപ്പിക്കുന്നു. | സെപ്റ്റംബർ 2018 മുതൽ | അധ്യാപിക, ഹിന്ദി ക്ലബ് | 3000 |

| മേഖല അക്കാദമികം | | | ഉപമേഖല - ഹിന്ദി | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഹിന്ദി കൈയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപ്പന്നങ്ങൾ ജനുവരി മാസത്തിൽ കൈയ്യെഴുത്ത് മാസിക മായി പൊതുവേദിയിൽ പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ ജനുവരി വരെ | അധ്യാപിക, ഹിന്ദി ക്ലബ് S.R.G | 2000 |
| ഹിന്ദിയിൽ കത്തെഴുത്ത് | ഹിന്ദി രചനയിൽ പ്രാവീണ്യം നേടൽ സ്കൂളിലെ ഒരു മാസത്തെ അക്കാദ മിക് പ്രവർത്തനങ്ങളുടെ വിശേഷ ങ്ങൾ ഒരു കുട്ടി അതേ ക്ലാസ്സിലെ മറ്റൊരു കുട്ടിയ്ക്ക് പ്രതിമാസം കത്തി ടപാടു നടത്തുക. | മാസത്തിൽ ഒന്ന് | ഹിന്ദി ടീച്ചർ | 10000 P.T.A. |
| ബാലസാഹിത്യകൃതി പഠനം | ലളിതമായ സാഹിത്യകൃതികൾ ആശയം ചോർന്നു പോകാതെ ഹിന്ദി യിലേക്ക് വിവർത്തനം ചെയ്യൽ | | | |

| മേഖല അക്കാദമികം | | ഉപമേഖല - ഹിന്ദി | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| ഹിന്ദി കൈയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപ്പന്നങ്ങൾ ജനുവരി മാസത്തിൽ കൈയ്യെഴുത്ത് മാസിക മായി പൊതുവേദിയിൽ പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ ജനുവരി വരെ | അധ്യാപിക, ഹിന്ദി ക്ലബ് S.R.G | 2000 |
| ഹിന്ദിയിൽ കത്തെഴുത്ത് | ഹിന്ദി രചനയിൽ പ്രാവീണ്യം നേടൽ സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ ഒരു കുട്ടി അതേ ക്ലാസ്സിലെ മറ്റൊരു കുട്ടിയ്ക്ക് പ്രതിമാസം കത്തിടപാടു നടത്തുക. | മാസത്തിൽ ഒന്ന് | ഹിന്ദി ടീച്ചർ | 10000 P.T.A. |
| ബാലസാഹിത്യകൃതി പഠനം | ലളിതമായ സാഹിത്യകൃതികൾ ആശയം ചോർന്നു പോകാതെ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്യൽ | | | |

# മോണിറ്ററിംഗ്

വിദ്യാലയം പൊതുസമൂഹത്തിന്റേതാണ്. അതിനാൽ സമൂഹത്തിന്റെ മേൽനോട്ടവും ഇടപെടലും അനിവാര്യമാണ്. സ്കൂളിലെ വിവിധപ്രവർത്തനങ്ങളെ നോക്കിക്കാണുകയും. വേണ്ട ഇടപെടലുകളിലൂടെ പരിവർത്തനപ്പെടുത്തേണ്ടതുമുണ്ട്.

വിദ്യാഭ്യാസവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ,. ഡയറ്റ്, എസ്.എസ്.എ. തുടങ്ങിയ വിവിധ ഏജൻസികൾ അതാത് കാലങ്ങളിൽ മോണറ്ററിംഗ് നടത്തി. സ്ഥിതിഗതികൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങളും, അക്കാദമിക മികവിനുവേണ്ടിയുള്ള സൗകര്യങ്ങളും, കുട്ടികളുടെ നേട്ടങ്ങളും, പരിമിതികളും, അധ്യാപക രക്ഷാകർത്ത്യസമിതി, മാതൃസമിതി, എസ്.എസ്.ജി. തദ്ദേശഭരണസ്ഥാപനങ്ങൾ മുതലായ ഏജൻസികൾ മോണിറ്ററിംഗ് നടത്തും.

നിരന്തരമായ മോണിറ്ററിംഗ് നടത്തേണ്ട ചുമതല, പ്രഥമാധ്യാപകനും, എസ്. ആർജിയ്ക്കുമാണ്. വിദ്യാർത്ഥികളുടെ പാർലമെന്റും മോണിറ്ററിംഗ് നടത്തേണ്ടതാണ്.

# ഒരു വാക്ക്......



പള്ളിക്കൂടം ..............
ജീവിതപാഠങ്ങൾ പഠിച്ച്
ജീവിതത്തിൽ എ+ നേടാനുള്ള ഇടം
കുട്ടികൾ.....
വ്യത്യസ്തമായ കഴിവുകളുടെ
സവിശേഷതകളുടെ, പ്രത്യേകതകളുടെ
പര്യായങ്ങൾ
വളരണം - വാനോളം
പ്രപഞ്ചത്തിന്റെ സീമകൾക്ക്
അപ്പുറത്തേക്ക് പറന്നുയരണം
ജനിച്ച മണ്ണിൽ, ആരോഗ്യത്തോടെ
ഐശ്വര്യത്തോടെ, ആനന്ദത്തോടെ
ജീവിക്കണം
വിദ്യാലയം - അതിനുള്ളതെല്ലാം ഒരുക്കണം
വിദ്യാഭ്യാസം - കാമ്പുള്ളതാകണം
കരുത്തുപകരുന്നതാകണം
അതിനുള്ള രേഖാചിത്രമാണ്
അക്കാദമിക് മാസ്റ്റർ പ്ലാൻ
ഇത് പൂർണ്ണമല്ല,
പൂർണ്ണതയിലേക്കുള്ള യാത്രയുടെ തുടക്കമാണ്.
അധ്യാപകർ, രക്ഷാകർത്താക്കൾ, ജന
നേതാക്കൾ, തദ്ദേശഭരണകൂടം, പൊതു
സമൂഹം, വിദ്യാർത്ഥികൾ
എല്ലാവരും ഒത്തുചേർന്നു ഒറ്റയ്ക്കും കൂട്ടായും ആശയസംവാദം നടത്തി.........

ആ രൂപരേഖ സന്തോഷത്തോടെ അവതരിപ്പിക്കുന്നു.